ഉത്തരം

കർഷകരുടെ എണ്ണം - 1949
അനുവദിച്ച ധനസഹായം - 1,23,93,150.

**നിലമ്പൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ**

158 (878) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നിലമ്പൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ച പദ്ധതികളും അനുവദിച്ച തുകയും സാമ്പത്തിക വർഷംതിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും അവയ്ക്കുവേണ്ടി നീക്കിവയ്ക്കുന്ന തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018-19 സാമ്പത്തികവർഷം 60,91,300 രൂപയുടെ ഭരണാനുമതി വിവിധ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പ്രളയത്തിൽ ക്ഷീരകർഷകർക്കുണ്ടായ നാശനഷ്ടങ്ങൾ**

159 (879) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് കഴിഞ്ഞ പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രളയത്തിൽ കന്നുകാലികൾ നഷ്ടമായ ക്ഷീരകർഷകർക്ക് എന്തെല്ലാം സഹായമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ ക്ഷീര മേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രളയത്തിൽ 5163 കറവപ്പശുക്കൾ, 1228 കിടാരികൾ, 5166 കന്നുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവ നഷ്ടപ്പെട്ടുപോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. പ്രളയത്തിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം ഏകദേശം 2.5 ലക്ഷം ലിറ്റർ കുറവുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഈ കുറവ് ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly